കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ

ജോ. ഡയറക്ടറുടെ കാര്യാലയം

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം: കെഎസ്.എ.കെ.കെ.ഡി/പി.9/1692 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട് ജില്ല
തീയതി :20.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

എടച്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരിഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം: കെ.എസ്.എ.കെ.കെ.ഡി/പി9/1692 /2017 തിയ്യതി:20.09.2017

# കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2.1.2017 മുതൽ31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജൻ.ഡെ.ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.07.2017 മുതൽ 05.08.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.ശ്യംജിത്ത്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സി.എം.ജാസിർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.കെ.അരവിന്ദാക്ഷൻ | 01.04.16മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.ബാലഗോപാലൻ.വി.പി | 01.04.16 മുതൽ 26.04.2016വരെയും,18.05.2016 മുതൽ 31.03.2017 വരെയും |
| | സജീവൻ.എം.സി. (അസി.സെക്രട്ടറി) | 27.04.2016 മുതൽ 17.05.2016 വരെ (സെക്രട്ടറിയുടെ ചാർജ്) |

നിർവ്വഹണോദ്യാഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സുനിത.പി.കെ. | 01.04.16 മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മി സുരേന്ദ്രൻ (എംപ്ലോയ്മെന്റ് നിയമനം) | 01.04.16 മുതൽ 07.06.16വരെ |
| | ശ്രീമതി.സജീറ.സി.ചാത്തോത്ത് | 09.12.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ , (പി.എച്ച്.സി) | ഡോ. പി.കെ.ശശീന്ദ്രൻ | 01.04.16 മുതൽ 12.07.2016വരെ |
| | ഡോ.ചിഞ്ജു അപാല | 13.07.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | ഡോ.കെ.എം.ശ്യാംസുന്ദർ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ | ശ്രീമതി.റീന മാണിക്കോത്ത്. | 01.04.16 മുതൽ 10.11.16വരെ |
| | ശ്രീ.സലീൽകുമാർ.കെ.കെ. | 01.04.2016 മുതൽ 04.01.2017വരെ |
| | ശ്രീ.ജോണി.ആർ. | 11.11.16 മുതൽ 31.03.17 വരെ |
| | ശ്രീമതി.റിജിന.ടി. | 05.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗിരിജ.കുന്നുമ്മൽ | 01.04.16 മുതൽ 31.03.17വരെ |
| അസി.സെക്രട്ടറി | ശ്രീ.സജീവൻ.എം.സി. | 01.04.2016 മുതൽ 05.11.2016 വരെ |
| | ശ്രീമതി.അനിഷ.വി. | 06.11.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ്.കെ.സി. | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.മിഥുൻ.കെ.പി. | 01.04.16 മുതൽ 31.03.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 1 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 2 | വസ്തുനികുതി – അപാകതകൾ | 2-2 |
| 3 | ലൈസൻസ് സംബന്ധമായ അപാകതകൾ | 2-3 |
| 4 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-4 |
| | ഭാഗം 3ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 1 | നിർവ്വഹണത്തിൽ വീഴ്ച- പദ്ധതിച്ചെലവ് കുറഞ്ഞു – 1.3 കോടി രൂപ നഷ്ടപ്പെടുത്തി | 3-1 |
| 2 | കരാർ വെച്ച മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസം | 3-2 |
| 3 | മരാമത്ത് പ്രവൃത്തികൾ – ടെണ്ടർ അംഗീകരിച്ച പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ വൻ കാലതാമസം – പിഴ ഈടാക്കുന്നില്ല. | 3-3 |

| | | |
|---|---|---|
| 4 | പുഴ പുറമ്പോക്ക് സംരക്ഷിക്കപ്പെടുന്നില്ല | 3-4 |
| 5 | ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു | 3-5 |
| 6 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ സമഗ്ര തെങ്ങ് കൃഷി വികസനം – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-6 |
| 7 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി – കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല | 3-7 |
| 8 | ഐ.എ.വൈ- കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല. | 3-8 |
| 9 | ക്ഷീരഗ്രാമം – വനിതകൾക്ക് കറവപ്പശുക്കളെ നൽകൽ പദ്ധതി – നടപ്പാക്കിയതിലെ അപാകത | 3-9 |
| 10 | സാന്ത്വന ചികിത്സ – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-10 |
| 11 | പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-11 |
| 12 | തെരുവ് വിളക്കുകളുടെ എ.എം.സി- കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല | 3-12 |
| 13 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-13 |
| 14 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിതരണം – പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-14 |
| 15 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് | 3-15 |
| 16 | അങ്കണവാടികളിലെ പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ് – വികസനഫണ്ട് വകമാറ്റപ്പെടുന്നു. | 3-16 |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 05.10.2016 തിയതിയിലെ 128/2016നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 23.03.2017തിയതിയിലെ 32/17 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്തത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)(-) |
| മുന്നിരിപ്പ് | 23962830 | 23962830 | 0 | 0 | |
| വരവ് | 115775000 | 40408597 | 0 | 75366403 | -65% |
| ആകെ | 139737830 | 64371427 | 0 | 75366403 | -53.95% |
| ചെലവ് | 63735292 | 40255406 | 0 | 23479886 | 58.32% |
| നീക്കിയിരിപ്പ് | 24299144 | 24116021 | 0 | 183123 | 0.75% |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.17 | 15-07-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2016-17 | 03.08.2017 | അനുബന്ധം 1 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 23962830 |
| വരവ് | 40408597 |
| ആകെ | 64371427 |
| ചെലവ് | 40255406 |
| നീക്കിയിരിപ്പ് | 24116021 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9897834 | 9897834 | 6643136 | 3254698 | 67.11 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1224168 | 1224168 | 723490 | 500678 | 59.10 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4283616 | 4283616 | 857079 | 3426537 | 20.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2732046 | 2732046 | 1009248 | 1722798 | 36.94 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5550476 | 5550476 | 2279989 | 3270487 | 41.08 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3190807 | 3190807 | 1830556 | 1360251 | 57.37 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2482 | 14089241 | 14091723 | 14085367 | 6356 | 99.99 |
| ബി ഫണ്ട് | 0 | 39004305 | 39004305 | 39004305 | 0 | 100 |
| ജില്ലാ പഞ്ചായത്ത് | 24700 | 200000 | 224700 | 145000 | 79700 | 64.53 |

| | | | | | | |
|---|---|---|---|---|---|---|
| വിഹിതം | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 748316 | 330000 | 1078316 | 330000 | 748316 | 30.60 |
| കേന്ദ്ര വിഹിതം | 246676 | 874451 | 1121127 | 928116 | 193011 | 82.78 |
| മറ്റുള്ളവ | | 96866 | 96866 | 96866 | 0 | 100 |

## 1-6 നടപ്പാക്കിയ പദ്ധതികൾ.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 112 | 42752340 | 49 | 17234258 | 15 | 48 | 43.75 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3848995 | 4243839 | 394844 | +10 |
| നികുതിയേതര വരവുകൾ | 827708 | 862049 | 34341 | +4 |
| മറ്റുവരവുകൾ | 276602 | 199287 | 77315 | -28 |
| ആകെ | 4953305 | 5305175 | 506500 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 201240 | 122 |
| കർഷകതൊഴിലാളി വേതനം | 7068980 | 720 |
| വിധവാ<br>പെൻഷൻ | 11259940 | 917 |
| വാർദ്ധക്യകാല<br>പെൻഷൻ | 16084555 | 1661 |
| വികലാംഗ<br>പെൻഷൻ | 3566250 | 318 |
| അവിവാഹിത പെൻഷൻ | 488340 | 41 |
| വിധവകളുടെ മക്കൾക്കുള്ള<br>വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.8.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 177536/-ക്യാഷ് നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.(ജീവനക്കാരുടെ ശമ്പളം, മെമ്പർമാർക്കുള്ള ഓണറേറിയം ഇനങ്ങളിൽ നൽകാനുള്ള തുക)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2017 | 01.04.2017 മുതൽ 31.05.2017വരെ | എ10/2987/17<br>15.03.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.02.2017 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ 2572/227തി.29.03.17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക്,ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളുമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ സമ്പ്രദായത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് മുൻപുണ്ടായിരുന്ന ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകൾ തുടർ വർഷങ്ങളിൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. അസി.എഞ്ചിനിയർ ബില്ലിൽ നിന്ന് കുറവ് വരുത്തിയ വാറ്റ്,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ ഓഡിറ്റ് വർഷത്തെ ആസ്തികൾ കൂടി ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

4.സെക്രട്ടറി സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.സ്റ്റോക്കിന്റെ മൂല്യം വാർഷികകണക്കിൽ ഉൾപ്പടുത്തിയിട്ടില്ല.

5.സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ ഫലപ്രദമല്ല :-

6.വസ്തുനികുതി അധികമായി പിരിച്ചെടുത്തത് തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നതിന്സാംഖ്യ– സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് നിരവധി പോരായ്മകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) സഞ്ചയ രശീതികളിലെ വിവരങ്ങൾ എപ്പോൾ വേണമെങ്കിലും മാറ്റൻ കഴിയും.തുക,തിയ്യതി എന്നിവ മാറ്റൻ കഴിയുന്നതിനാൽ രശീതികളുടെ ആധികാരികത സംബന്ധിച്ച് പരിശോധിക്കാൻ സാധിക്കില്ല.ഗ്രാമപഞ്ചയത്തിലെ ഏത് ലോഗ് ഇന്നിൽ നിന്നുംസഞ്ചയയിലെ രശീതികൾതിരുത്താനും.ക്യാൻസൽ ചെയ്യാനും സാധിക്കും. രശീതികളിലെ ഡാറ്റകൾ മാറ്റാൻ സാധിക്കാത്തവിധം ലോക്ക് ചെയ്യപ്പെടുന്ന സങ്കേതം സഞ്ചയയിൽ ഇല്ല. ഇങ്ങനെ മുൻവർഷങ്ങളിലെ ഡാറ്റകൾപോലും മാറ്റൻ പറ്റുന്ന സാഹചര്യത്തിൽ മുൻവർഷങ്ങളിലെ വാർഷികകണക്കുകളും മാറാൻ സാധ്യതയുണ്ട്.

b) സഞ്ചയയിൽ അപ്ഡേഷൻ നടത്തുമ്പോൾ ഡിമാന്റ് മാറിക്കൊണ്ടിരിക്കും എടച്ചേരി ഗ്രാമപഞ്ചയത്തിൽ ബിൽഡിംഗ് ടാക്സ് മുഴുവനും പിരിച്ചെടുത്തതിനാൽ ഡിമാന്റ് പൂജ്യമായിരിക്കേണ്ടതാണ് എന്നാൽ സഞ്ചയയിൽ ഇപ്പോഴും ബാലൻസ് ഉള്ളതായി കാണിക്കുന്നു.

c) ഫ്രണ്ട് ഓഫീൽ ഒരു രശീതി ക്യാൻസൽ ചെയ്യുമ്പോൾ സ്വാഭാവികമായും ബേക്ക് ഓഫീസിലെയും പ്രസ്തുത രശീതി ക്യാൻസൽ ആകേണ്ടതാണ് എന്നാൽ സഞ്ചയയിൽ ഇങ്ങനെ ക്യാൻസൽ ആകുന്നില്ല. ബേക്ക് ഓഫീസിൽ ഓരോ വ്യക്തിഗത രശീതിയും പ്രത്യേകമായി ക്യാൻസൽ ചെയ്യേണ്ടി വരുന്നു.

## 2-2 വസ്തു നികുതി - അപാകതകൾ

എടച്ചേരി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ ,സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1)സാംഖ്യ-സഞ്ചയ കണക്കുകളിൽ പൊരുത്തക്കേട്

എടച്ചേരി ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെറുകളിൽ സംയോജിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ട് സോഫ്റ്റ്‌വെയറിലും വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | സാംഖ്യ പ്രകാരം വസ്തു നികുതി ഡിമാന്റ് | | സഞ്ചയ പ്രകാരം വസ്തു നികുതി ഡിമാന്റ് | | വ്യത്യാസം | |
|---|---|---|---|---|---|---|
| | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി |

| | | | | | | |
|---|---|---|---|---|---|---|
| 2013-14 | 1530096 | 3240 | 2075427 | 3885 | 545331 | 645 |
| 2014-15 | 3356257 | 151399 | 2352922 | 726649 | 1003335 | 575250 |
| 2015-16 | 2603571 | 343845 | 2602682 | 877208 | 889 | 533363 |
| 2016-17 | 2808264 | 0 | 2808570 | 597547 | 306 | 597547 |

സഞ്ചയ സോഫ്റ്റ്‌വെയറിലും സാംഖ്യ സോഫ്റ്റ്‌വെയറിലും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടണമെന്നിരിക്കെ മേൽപറഞ്ഞ പ്രകാരം വ്യത്യാസം വന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട് .

(2)ഡിജിറ്റലൈസേഷന് ശേഷം നികുതിയിൽ നഷ്ടം

(എ)-പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ

(1)കെട്ടിടങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തതിന് ശേഷം 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ നിലവിലുള്ള വസ്തു നികുതിയും 2000 ചതുരശ്രയടിക്ക് മുകളിലുള്ള മാറ്റം വരുത്താത്ത കെട്ടിടങ്ങൾക്ക് മിനിമം 25 % വർദ്ധനവും ഉണ്ടാകുന്നു.എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധന നടത്തിയതിൽ ഇതിന് വ്യത്യാസം വന്നതായി കാണുന്നു.ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | പ്ലിന്ത് വിസ്തീർണ്ണം | മുൻ നികുതി | സഞ്ചയ സോഫ്റ്റ്‌വേറിൽ നികുതി | ചുമത്തേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 15/89 C | മൊയ്തു ചെറുവറ്റ | 232.22 m2 | 1542 | 1424 | 1928 | 504 രൂപ |

(2) 660 ചതുരശ്രയടിക്ക് മുകളിൽ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

ഉദാഹരണം. 14/252 Z(9/507 A) ലക്ഷ്മി D/O കണ്ണൻ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 86 m2 കെട്ടിടത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല.

(ബി)-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചതിൽ നഷ്ടം

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് 18.10.2011 ലെ 8 ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെയുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |

| | | |
|---|---|---|
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | തറ വിസ്തീർണം | കെട്ടിട നമ്പർ | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി | സഞ്ചയ വസ്തു നികുതി |
|---|---|---|---|---|
| പ്രസിഡന്റ് കണിയാംവെള്ളി റിഫംഇയ്യ കമ്മിറ്റി | 98.79 m2 | 14/140 C | 5967/- | 4212/- |
| | 87.74 m2 | 14/140 D | 6521/- | 4505/- |
| | ആകെ തുക | | 12488/- | 8717/- |

മേൽ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം 186.53 m2 ആണ്.

മേൽ കെട്ടിടത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ച് 186.53 ചതുരശ്രമീറ്ററിന് നികുതി നിർണ്ണയിച്ചാൽ കിട്ടേണ്ട

അടിസ്ഥാന വസ്തു നികുതി =11192/-

വർദ്ധനവ് - 20%

വസ്തു നികുതി-13430/-രൂപ

നികുതി നഷ്ടം- 4713/-രൂപ

2013-14 മുതൽ ആകെ നഷ്ടം-14991/- രൂപ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ കെട്ടിട നമ്പർ നൽകുവാനുള്ള സാഹചര്യം ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്ര സ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല.

(3) സത്യവാങ്മൂലം ഹാജരാക്കാതെ വസ്തു നികുതി ഒഴിവാക്കപ്പെടുന്നു

358/2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് കെട്ടിട ഉടമ അയാളുടെ പേരിൽ മറ്റ് കെട്ടിടങ്ങൾ ഇല്ല എന്നുള്ള സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.എന്നാൽ സത്യവാങ്മൂലം ഹാജരാക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

ഉദാ. കല്ല്യാണി,ദേവി നീലിയേടത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള 5/172 A (4/275 B) നമ്പർ വാസഗൃഹം സത്യവാങ്മൂലം ഹാജരാക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

നഷ്ടത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് വിവരം

അറിയിക്കേണ്ടതുമാണ്.

## 2-3 ലൈസൻസ് സംബന്ധമായ അപാകതകൾ

1. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേ.പ.രാ ആക്ട് , സെക്ഷൻ-232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർ ഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എൽ ബി എസ്സ് കംപ്യൂട്ടർ സെന്റർ എടച്ചേരി |

| | |
|---|---|
| 2 | എടച്ചേരി ഹാന്റ്ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 3 | അക്ഷയകേന്ദ്രം എടച്ചേരി |
| 4 | അജയ് വീവേഴ്സ് സൊസൈറ്റി |
| 5 | തൂണേരി ബ്ലോക്ക് അയൺ ഇൻഡസ്ട്രിയൽ സൊസൈറ്റി എടച്ചേരി |

2)മോട്ടോർ റണ്ണിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് ഡി & ഒ ലൈസൻസ് ചട്ടങ്ങൾ ചട്ടം-18 പട്ടിക -3 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് യന്ത്രത്തിന്റെ കുതിരശക്തി അടിസ്ഥാനമാക്കി ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരം ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം | ആളിന്റെ പേര് | കുതിരശക്തി | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ& റസീറ്റ് നമ്പർ | കുറവ് |
|---|---|---|---|---|---|
| 1 | നിജി കല്ല് കൊത്തിയിൽ | 12 എച്ച് പി | 200 | 150/- 11603100139/11.04.2016 | 50 |
| 2 | സുനിൽ എൻ | 1/2 എച്ച് പി | 10 | 0 | 10 |
| 3 | ബാബുരാജ് വലിയ പുതുക്കുടി | 11 എച്ച്പി | 200 | 150/- 11503104903/29.02.2016 | 50 |
| ആകെ തുക | | | | | 110/- |

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിലെ - അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് കുറഞ്ഞ നികുതി ഈടാക്കുന്നു.

സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ വ്യവസ്ഥകൾ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിർദ്ദേശമുള്ളത് [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്കൂളുകളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിട്ടേൺ പ്രകാരമുള്ള ശമ്പളം | നൽകേണ്ട ശമ്പള നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| സെന്റ് റീത്താസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇരിങ്ങണ്ണൂർ | 11 | 4000 മുതൽ 8000 വരെ | 17000- 87000 |

സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല. ഖണ്ഡിക13(3) പ്രകാരം ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്. സി.ബി.എസ്.ഇ.സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയത് പരിഹരിക്കാൻ നടപടിയെടുക്കുകയും റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

2). എടച്ചേരി ജലനിധി ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ ശമ്പളം 5000 രൂപ മുതൽ 15000 രൂപ വരെയാണ് കാണിച്ചിരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച് കൃത്യത ഉറപ്പാക്കിയതിന് ശേഷമാണോ തൊഴിൽ നികുതി ഈടാക്കിയത് എന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

3). താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എൽ.ബി.എസ് സെന്റർ എടച്ചേരി |
| 2 | എടച്ചേരി ഹാന്റ്ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 3 | അക്ഷയ സെന്റർ എടച്ചേരി(ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.) |
| 4 | ബി എസ് എൻ എൽ എടച്ചേരി |
| 5 | തൂണേരി ബ്ലോക്ക് അയൺ ഇൻഡസ്ട്രിയൽ സൊസൈറ്റി , എടച്ചേരി |
| 6 | അജയ് വീവേഴ്സ് സൊസൈറ്റി |

4). 2016-17 സാമ്പത്തിക വർഷം വിവിധ കരാർ ജോലികൾ ഏറ്റെടുത്ത് നടത്തിയ താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/കരാറുകാരന്റെ പേര് |
|---|---|
| 1 | രാഘവൻ എൻ |
| 2 | വിപിൻകുമാർ എൻ |
| 3 | അബ്ദുൾ ഗഫൂർ എം |
| 4 | പ്രശോഭൻ സി |
| 5 | വി എൽ സി സി എസ്സ് |
| 6 | രാജീവൻ പി ടി കെ |
| 7 | ശശീന്ദ്രൻ |
| 8 | പവിത്രൻ പി |

| | |
|---|---|
| 9 | ഇ എൽ സി സി എസ്സ് |
| 10 | സോമൻ കെ ടി കെ |
| 11 | സജീഷ് കെ കെ |
| 12 | എ ജനാർദ്ധനൻ |
| 13 | ഷാജി സി |
| 14 | സത്യനാഥൻ |
| 15 | കെ ടി കെ ബാബു |
| 16 | രാഘവൻ എൻ |
| 17 | യു എൽ സി സി എസ്സ് |

5). 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഇരുത്തിയിൽ,എടച്ചേരി എന്നീ 2 കള്ള് ഷാപ്പുകളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധം തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു-1.3 കോടി രൂപ നഷ്ടപ്പെട്ടുത്തി

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 112 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 40.31% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 2.55കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ബജറ്റ് വിഹിതം ലഭിച്ചത് | ചെലവ് | ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാതെ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 10115904 | 9897834 | 6643136 | 3254698 | 67.11 |
| 2 | പ്ലാൻ ഫണ്ട് SCP | 1759168 | 1224168 | 723490 | 500678 | 59.1 |
| 3 | പ്ലാൻ ഫണ്ട് TSP | --- | --- | --- | --- | --- |
| 4 | ധനകാര്യ | 5603906 | 5550476 | 2279989 | 3270487 | 41.08 |

| | | | | | | |
|---|---|---|---|---|---|---|
| | കമ്മീഷൻ ഗ്രാന്റ് | | | | | |
| 5 | ലോകബാങ്ക് ധനസഹായം | 3190807 | 3190807 | 1830556 | 1360251 | 57.37 |
| 6 | കേന്ദ്ര ധനസഹായം | 1679250 | 1121127 | 928116 | 193011 | 82.78 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | -- | ---- | --- | --- | --- |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3032046 | 2732046 | 1009248 | 1722798 | 36.94 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 5140695 | 4283616 | 857079 | 3426537 | 20.01 |
| 10 | തനത് ഫണ്ട് | 5966308 | 5966308 | 2390778 | --- | 40.07 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 200000 | 145000 | --- | 72.5 |
| 13 | ബ്ലോക്ക് വിഹിതം | 330000 | 330000 | 330000 | --- | 100 |
| 12 | മറ്റുള്ളവ | 5734256 | 5734256 | 96866 | --- | 1.68 |
| ആകെ | | 42752340 | 40230638 | 17234258 | 13728460 | 42.84 |

ക്രമ നം. 1 മുതൽ 5 വരെയുള്ളവയുടെയും ക്രമ നം. 8 ,9 എന്നിവയുടെയും കാര്യത്തിൽ 2015-16 വർഷത്തെ ലാപ്സായ നീക്കിയിരിപ്പ് തുകയിൽ നിന്നും, 2016-17 വർഷത്തിൽ സ്പിൽ ഓവറാക്കിയ പ്രൊജക്റ്റുകൾക്ക് തുക അനുവദിക്കുമെന്ന സർക്കാർ അറിയിപ്പിനെ തുടർന്നാണ് ബജറ്റ് വിഹിതത്തേക്കാൾ കൂടിയ തുക, മേൽ ഫണ്ടുകളുടെ കാര്യത്തിൽ വാർഷികപദ്ധതിയിൽ വകയിരുത്തിയത്. 1963579/- രൂപ ഇപ്രകാരം അധികം വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും, 558123/- രൂപ കുറഞ്ഞാണ് തൻവർഷം ലഭിച്ചത്.ലഭ്യമാകാത്ത മേൽ തുകകൾ ഒഴിവാക്കിയാൽ, വാർഷിക പ്രൊജക്റ്റുകൾക്ക് വകയിരുത്തിയ 4.02 കോടിയിൽ 1.72 കോടി മാത്രമാണ് വിനിയോഗിച്ചതെന്നും (42.84% മാത്രം ) 2.3 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെ വന്നു എന്നും കാണാം.

വിനിയോഗിക്കാൻ കഴിയാതെ വന്ന 2.3 കോടി രൂപയിൽ 1.37 കോടി രൂപ, ക്രമനം 1 മുതൽ 5 വരെ, 8 ,9 എന്നീ ഇനങ്ങളിൽ,സ്ഥാപനത്തിന് ലഭ്യമായതാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവിനനുസരിച്ച് പിൻവലിക്കേണ്ട മേൽ തുക സാമ്പത്തികവർഷാവസാനം ലാപ്സായിരിക്കുകയാണ്.

അംഗീകാരം വാങ്ങിയ പ്രൊജക്റ്റുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | ചെലവ് % | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഷ്ടപ്പെടുത്തിയ തുക (വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അസി.എക്സി.എഞ്ചിനീയർ | 43 | 14 | 152.58 | 46.02 | 106.56 | 30.16 | 95.52 |
| 2 | വി.ഇ.ഒ | 18 | 10 | 69.61 | 13.39 | 56.22 | 19.23 | 26.85 |
| 3 | സെക്രട്ടറി | 22 | 15 | 54.23 | 20.78 | 33.45 | 38.31 | 20 |
| 4 | കൃഷിഓഫീസർ | 4 | 4 | 12.66 | 10.92 | 1.74 | 86.25 | 0.64 |
| 5 | വെറ്റിനററി സർജൻ | 4 | 4 | 58.91 | 23.76 | 35.15 | 40.33 | 2.38 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 3 | 3 | 5.25 | 5.13 | 0.12 | 97.71 | 0.015 |
| 7 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 1 | 1 | 0 | 100 | 0 |
| 8 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 3 | 3 | 0 | 100 | 0 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 3 | 51.41 | 41.17 | 10.24 | 80 | 0 |
| 10 | അസി.സെക്രട്ടറി | 12 | 9 | 17.94 | 7.28 | 10.66 | 40.57 | 8.71 |
| ആകെ | | | | | | | | 154.11 |

കുറിപ്പ്: വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയ തുക അടിസ്ഥാനപ്പെടുത്തിയാണ് നഷ്ടം 154.11 ലക്ഷം എന്ന് കണക്കാക്കിയത്. ഇത്രയും തുക അലോട്ട് ചെയ്തിട്ടില്ലാത്തതിനാൽ യഥാർത്ഥ നഷ്ടം മേല്പറഞ്ഞതുപോലെ 1.3 കോടി രൂപയാണ്.

43പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ വകയിരുത്തിയ തുകയുടെ 36% പൊതുമരാമത്ത്, കുടിവെള്ളം(മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത്. ഇതിൽ 14പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചതും ലാപ്സായതുമായ തുകയിൽ 95.52 ലക്ഷം രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്ന് കാണാം.

അസി.എഞ്ചിനീയറെ കൂടാതെ സെക്രട്ടറി, വിഇഒ, എന്നിവരും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദികളാണ്.

മുൻവർഷത്തിലും തുക നഷ്ടപ്പെടുത്തി- നഷ്ടം 54.81 ലക്ഷം രൂപ

ഓഡിറ്റ് വർഷത്തിലെന്നപോലെ 2015-16 വർഷത്തിലും ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞതുപോലെ ഫണ്ട് നഷ്ടപ്പെടുത്തിയിട്ടുണ്ട്. മുൻബാക്കി ഉൾപ്പടെ തൻവർഷം ലഭ്യമായ തുകയിൽ വിനിയോഗിക്കാതെ ബാക്കിയായ 54.81 ലക്ഷം രൂപ, സഞ്ചിതനിധിയിലായതിനാൽ, സാമ്പത്തികവർഷാവസാനം ലാപ്സാകുകയായിരുന്നു. 120 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 61.57% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. 2015-16 വർഷത്തിൽ ലഭ്യമായ തുക,ഇതിൽ നിന്നുള്ള ചെലവ്,നഷ്ടപ്പെട്ട തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 7565366 | 2741041 | 7565366 | 10306407 | 9842384 | 95.5 | 464023 |
| വികസനഫണ്ട് (എസ് സി പി) | 1093000 | 670361 | 1093000 | 1763361 | 757361 | 42.95 | 1006000 |
| വികസനഫണ്ട് (ടി എസ് പി) | -- | -- | | | | | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 3890000 | 1398275 | 3890000 | 5288275 | 4357858 | 82.41 | 930417 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2481000 | 1605628 | 2481000 | 4086628 | 1469253 | 35.95 | 2617375 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3114187 | 1213979 | 3114187 | 4328166 | 4148618 | 95.85 | 179548 |
| ലോക ബാങ്ക് ധനസഹായം | 0 | 2569887 | 0 | 2569887 | 2285944 | 88.95 | 283943 |
| ആകെ | | | | | | | 5481306 |

ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വരുത്തിയ വീഴ്ചയാണ് 2015-16 വർഷവും തുക നഷ്ടപ്പെടാനിടയാക്കിയത് . പദ്ധതി നിർവ്വഹണത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പ്രകടനം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | ചെലവ് % | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഷ്ടപ്പെടുത്തിയ തുക (വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അസി.എക്സി.എഞ്ചിനീയർ | 50 | 38 | 207.22 | 135.49 | 71.73 | 65.38 | 37.37 |
| 2 | വി.ഇ.ഒ | 17 | 9 | 63.36 | 13.74 | 49.62 | 21.68 | 3.56 |
| 3 | സെക്രട്ടറി | 23 | 16 | 53.59 | 40.78 | 12.81 | 76 | 1.26 |
| 4 | കൃഷിഓഫീസർ | 8 | 8 | 17.79 | 16.13 | 1.66 | 90.66 | .09 |
| 5 | വെറ്റിനററി സർജൻ | 3 | 3 | 23.01 | 12.21 | 10.8 | 53.06 | 2.4 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 4 | 4 | 4.12 | 4.11 | 0.01 | 99.75 | 0.01 |
| 7 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 1.7 | 1.7 | 0 | 100 | 0 |
| 8 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 3 | 3 | 0 | 100 | 0 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 4 | 27.32 | 25.4 | 1.92 | 92.97 | 1.16 |
| 10 | അസി.സെക്രട്ടറി | 9 | 4 | 16.83 | 4.75 | 12.08 | 28.22 | 8.96 |
| ആകെ | | 120 | 88 | 417.94 | 257.31 | 160.63 | 61.57 | 54.81 |

2015-16 ലും, തുടർന്നുള്ള വർഷത്തെപ്പോലെ, അസി.എഞ്ചിനീയറാണ് തുക നഷ്ടപ്പെടുത്തിയതിൽ മുന്നിൽ നില്ക്കുന്നത്. 37.37 ലക്ഷം രൂപ ,വിഭാവനം ചെയ്ത പദ്ധതികൾ നിർവ്വഹിക്കാത്തതിനാൽ നഷ്ടമാകാനിടയായി. വി. ഇ. ഒ, അസി.സെക്രട്ടറി എന്നിവരും ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി തുക വിനിയോഗിക്കാത്തതിനും, ഇതുവഴി ഇരുവർഷങ്ങളിലുമായി, വിവിധ ഗ്രാന്റിനങ്ങളിലായി 1.85കോടി രൂപ പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 കരാർ വച്ച മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസം

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാനബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, ടെണ്ടർ ലഭിച്ച പ്രവൃത്തികൾക്ക് കരാർ വച്ചതിനു ശേഷം പ്രവത്തി ആരംഭിക്കുന്നതിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും കരാറുകാർ വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതെയും നിയമാനുസൃതമായ പിഴ ഈടാക്കാതെയുമാണ് കരാറുകാർക്ക് ബിൽ തുക നല്കിയിരിക്കുന്നത്. പുതുക്കിയ PWD മാന്വൽ, സെക്ഷൻ 2112.1 പ്രകാരം കാലാവധി നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ കരാറുകാരൻ കരാർ പ്രകാരമുള്ള കാലാവധിക്കു മുമ്പ് തന്നെ നല്കേണ്ടതും ഇത് ബന്ധപ്പെട്ട അധികാരികൾ അനുവദിച്ചാൽ മാത്രം പ്രവൃത്തി തുടരേണ്ടതുമാണ്. എന്നാൽ ടി പ്രവൃത്തികളുടെ കാര്യത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അനുവദിക്കാവുന്നതിലും എത്രയോ കൂടുതൽ സമയം അനുവദിച്ചു എന്നു മാത്രമല്ല നിമാനുസൃത പിഴ ഈടാക്കാത്തതിനാലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചു. (കരാറുകാരന്റെ വീഴ്ച മൂലം സമയം നീട്ടി നല്കുന്ന കാര്യത്തിൽ ആദ്യം തവണ ആകെ പൂർത്തീകരണ കാലയളവിന്റെ 25%

സമയം PAC യുടെ 1% നിരക്കിലും രണ്ടാം തവണ 25% കൂടി 2% നിരക്കിലും പിഴ ഈടാക്കി അനുവദിക്കാവുന്നതാണ്). വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാർ തുക | കരാറുകാരൻ | കരാർ വച്ച തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീ കരിക്കേണ്ട തീയതി (പ്രൊജക്ടിലെ പ്രവൃത്തി സമയക്രമം പ്രകാരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാ ക്കേണ്ട പിഴ | അവസാന ബിൽ തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | 28/17കക്കാട്ടുമുക്ക് ചാത്തോത്ത് മുക്ക് റീടാറിംഗ് | 200000/- | olccos | 3.12.15 | 26.4.16 | 31.3.16 | 9.6.16 | 2മാസം 9 ദിനം | 6000/- | 180000/-7 /17.3.17 |
| 2 | 27/17 ആറ്റപ്പുറം തോട്ടോളി അമ്പലം റോഡ് ടാറിംഗ് | 300000/- | kalcs | 28.1.16 | 26.3.16 | 31.3.16 | 18.5.16 | 1 മാസം 18 ദിനം | 9000/- | 293370/- 1/24.11.16 |
| 3 | 26/17 മാവള്ളി പാറക്കെട്ടിൽ താഴ റോഡ് | 400000/- | elccs | 21.11.15 | 1.3.16 | 31.3.16 | 24.5.16 | 1മാസം 24 ദിനം | 12000/- | 383709/- 2/25.1.17 |

എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി സമയക്രമ പ്രകാരം പൂർത്തീകരിക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ വിഭാവനം ചെയ്ത വർഷം തന്നെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരുന്നു. ഇവയ്ക്കായി പഞ്ചായത്തിന് നഷ്ടം വരുത്തിയ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ മൂന്ന് പ്രവൃത്തികളുടെയും പിഴയായ 27000/- രൂപ ഉത്തരവാദികളിൽ നിന്നും ഇടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ–ടെണ്ടർ അംഗീകരിച്ച പ്രവത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ വൻ കാലതാമസം-പിഴ ഈടാക്കുന്നില്ല

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ച് കരാറുകാരന്റെ സെലക്ഷൻ നടത്തിക്കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞാണ് കരാറുകാർ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചതെന്ന് കാണുന്നു. പുതുക്കിയ PWD മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് കരാറുകാരന് രജിസ്റ്റേഡ് തപാലായി അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% തുക , കുറഞ്ഞത് 1000/- രൂപ പരമാവധി 25000/- രൂപ എന്ന പരിധിക്കു വിധേയമായി പിഴ ഈടാക്കി 10 ദിവസം കൂടി നീട്ടി നല്കാവുന്നതാണ്. ഈ കാലപരിധിയും കഴിയുന്നവയുടെ കാര്യത്തിൽ EMD മുതൽക്കൂട്ടി പുതിയ ടെണ്ടർ ക്ഷണിച്ച് മറ്റ് കരാറുകാരെ പ്രവൃത്തി എല്പിക്കേണ്ടതാണ്. എന്നാൽ പുതിയ കരാറുകാരെ കണ്ടെത്തുകയോ പിഴ ഈടാക്കാക്കുകയോ ചെയ്യാതെയാണ് കരാറുകാർക്ക് കരാർ ചമയ്ക്കാൻ യഥേഷ്ടം സമയം അനുവദിച്ചിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | കരാർ തുക | പദ്ധതി വർഷം | ടെണ്ടർ തീയതി | കരാർ ചമച്ച തീയതി | കാല താമസം | ഈടാക്കേണ്ട പിഴ | അവസാന ബിൽ തുക |
|---|---|---|---|---|---|---|---|---|---|
| 1 | 28/17കക്കാട്ട് മുക്ക് ചാത്തോത്ത് മുക്ക് റീടാറിംഗ് | olccos | 200000 | 2015-16 | 28.9.15 | 3.12.15 | 2 മാസം 6 ദിനം | 2000 | 180000/-7 /17.3.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 27/17 ആറ്റപ്പുറം തോട്ടോളി അമ്പലം റോഡ് ടാറിംഗ് | kalcs | 300000 | 2015-16 | 28.9.15 | 28.1.16 | 3 മാസം | 3000 | 293370/-<br>1/24.11.16 |
| 3 | 26/17 മാവള്ളി പാറക്കെട്ടിൽ താഴ റോഡ് | elccs | 400000 | 2015-16 | 28.9.15 | 21.11.15 | 1 മാസം24 ദിനം | 4000/- | 383709/-<br>2/25.1.17 |

മേല്പറഞ്ഞ പ്രൊജക്ടുകളിൽ ഒന്നിനും തന്നെ സെലക്ഷൻ നോട്ടീസ് നല്കികാണുന്നില്ല. എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ സമയബന്ധിതമായി കരാർ ചമയ്ക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.ഇപ്രകാരം ചെയ്യാത്തതിനാൽ വിഭാവനം ചെയ്ത വർഷം തന്നെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരികയും ഇവയ്ക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ എന്നന്നേക്കുമായി നഷ്ടമാകാൻ ഇടയാകുകയും ചെയ്തു. ഭീമമായ തുക പഞ്ചായത്തിന് നഷ്ടം വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയതിന് മറുപടി നല്കിയിട്ടില്ല. മൂന്ന് പ്രവൃത്തികളുടെയും പിഴയിനത്തിൽ 9000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 പുഴ പുറമ്പോക്ക് സംരക്ഷിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 പ്രകാരം , ടി സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദിളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകകളും ,തോടുകളും ,തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതി മുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മയ്യഴിപ്പുഴ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും കാലികമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.മേൽ ആക്ട് നിലവിൽ വരുന്നതിനു മുമ്പ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന 1960 ലെ കേരള പഞ്ചായത്ത് ആക്ട് അദ്ധ്യായം 5, സെക്ഷൻ 82 പ്രകാരവും പുഴ / നദീ തീരങ്ങൾ പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ, 1988 ൽ തയ്യാറാക്കിയ പുഴപുറമ്പോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ നിലവിൽ ലഭ്യമായിട്ടുണ്ട്. ഇതു പ്രകാരം പുറമ്പോക്ക് ഭൂമി 104.83 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഹെക്ടറിലാണോ, സെന്റിലാണോ അതോ മറ്റേതെങ്കിലും യൂണിറ്റിലാണോയെന്ന് വ്യക്തമാക്കിയിട്ടില്ല. ഇത്രയും ഭൂമി സ്ഥാപനത്തിൽ നിക്ഷിപ്തമായത് 5.10.1968 മുതൽക്കാണെന്ന് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ തീയതിക്കുശേഷം യാതൊരു രേഖപ്പെടുത്തലും നടത്തുകയോ, 94 ൽ ആക്ട് നിലവിൽ വന്നതിനുശേഷം നാളിതുവരെ കാലികമാക്കുകയോ ചെയ്തിട്ടില്ല.

മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി ഗ്രാമപഞ്ചായത്ത് നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്. മേൽ വകുപ്പു പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പഞ്ചായത്തിന്റെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതും, പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

## 3-5 ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു

ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 112പ്രൊജക്ടുകളിൽ 27 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് . കരട് പദ്ധതി രേഖയിൽ 85 പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നെങ്കിലും ഇതിൽനിന്നും ആകെ 62 എണ്ണം മാത്രമാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുള്ളുവെന്ന് രേഖകൾ വ്യക്തമാക്കുന്നു. വികസന സെമിനാറിൽ കരട് നിർദ്ദേങ്ങളായി വരുന്ന പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും , സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ അംഗീകാരം വാങ്ങിയവയുമാണെന്നിരിക്കെ,കരട് രേഖയിൽപ്പെടാത്ത പദ്ധതികൾ അംഗീകാരം വാങ്ങിയതിൽ നിന്നും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ സ്ഥാപനത്തിൽ നടന്നിട്ടില്ലെന്നും, ഇതുവഴി ആസൂത്രണത്തിന്റെ കാര്യത്തിൽ നിയമലംഘനം നടന്നുവെന്നും വ്യക്തമാകുന്നു. കരട് പദ്ധതിരേഖയിൽപ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം വാങ്ങിയതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമസഭകളുടെ അംഗീകാരമില്ലാത്ത പ്രൊജക്ടുകൾ | അംഗീകാര മില്ലാത്തതിൽ നിർവ്വഹണം നടത്തിയവ | അംഗീകാര മില്ലാത്തവയ്ക്ക് ആകെ വകയിരുത്തിയ തുക | അംഗീകാര മില്ലാത്തവയ്ക്ക് ചെലവഴിച്ചതുക |
|---|---|---|---|---|---|
| മൃഗസംരക്ഷണം | വെറ്റിനററി സർജൻ | 71,72 | 71,72 | 3101440/- | 515000/- |
| ഗ്രാമ വികസനം | വി.ഇ.ഒ | 51,79,81, | 51 | 1649000/- | 250000/- |
| പൊതുമരാമത്ത് | അസി.എക്സി. എഞ്ചിനീയർ | 86,90,92,99,102,107, 115,119,122,124,126 | ഇല്ല | 3644989/- | ഇല്ല |
| പട്ടികജാതി വികസനം | അസി.സെക്രട്ടറി | 48,49,53 | 48,49,53 | 398000/- | 146860/- |
| സദ്ഭരണം | സെക്രട്ടറി | 18,59,62,63,77,116, 118,120 | 18,59,77,116 | 1480000/- | 845616/- |
| ആകെ | | | | 10273429/- | 1757476/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 1.03 കോടി രൂപ വകയിരുത്തിയതിൽ 17.57 ലക്ഷം രൂപ ചെലവഴിച്ചതായി കാണാം. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം നല്കേണ്ടതാണ്.

## 3-6 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - സമഗ്ര തെങ്ങ് കൃഷി വികസനം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ കൃഷി ഓഫീസർ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 038 / 17 |
| പ്രോജക്ടിന്റെ പേര് | സമഗ്ര തെങ്ങ് കൃഷി വികസനം - ജൈവവള വിതരണം |
| വകയിരുത്തിയ തുക | 262500 രൂ |
| ചെലവഴിച്ച തുക | 198128 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 23/16-17 തിയ്യതി 25.03.2017 , 198128 രൂ |
| ഭരണാനുമതി | 01/2017(2) / 16.01.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി സജീറ.സി.ചാത്തോത്ത് ,കൃഷി ഓഫീസർ (താല്ക്കാലിക നിയമനം ) |

244 കർഷകർക്ക് ,കടലപ്പിണ്ണാക്ക് വാങ്ങിയ വകയിൽ 75% നിരക്കിൽ 812 രൂപ വീതമാണ് സബ്സിഡി നല്കിയത്. കടലപ്പിണ്ണാക്ക് ജൈവവള ഇനത്തിൽ വരുന്നതല്ലെന്ന് കൃഷി ഓഫീസർ അറിയിച്ചെങ്കിലും നാളികേര കർഷകർ ജൈവവളമായി കടലപ്പിണ്ണാക്ക് മതിയെന്ന് ആവശ്യപ്പെട്ടു എന്ന കാരണത്താൽ 19.07.2016ലെ 90 /2016(4) നമ്പർ തീരുമാനപ്രകാരം ജൈവവളമായി കടലപ്പിണ്ണാക്ക് വിതരണം ചെയ്യുവാൻ ഭരണസമിതി തീരുമാനിക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു.

11.01.2016 ലെ സ.ഉ.(എം.എസ്)4/2016/തസ്വഭവ അനുബന്ധം 15 പട്ടിക 3.1 ജൈവവളങ്ങൾക്ക് മാത്രമേ 75 ശതമാനം സബ്സിഡി നല്കുവാൻ കഴിയൂ.

അപാകത വിശദീകരിക്കേണ്ടതാണ്. 198128 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി - കൈമാറിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല

2016 -17 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 97 / 17 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ,<br>സൺഡ്രീസ് വാങ്ങൽ. |
| വകയിരുത്തിയ തുക | 170000 രൂപ |
| ചെലവഴിച്ച തുക | 170000 രൂപ |

| | |
|---|---|
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്. |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 1/2016-17 , 17.01.2017 , 170000 രൂപ |
| തുക കൈപ്പറ്റിയ ഏജൻസി | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്. (ഹോംകോ).പാരിപ്പള്ളി , ആലപ്പുഴ. |
| തുക കൈമാറിയ ഡി.ഡി നമ്പർ | 022570 / 20.01.2017 |
| ഏജൻസിയിൽ നിന്നും ലഭിച്ച രശീത് നമ്പർ | 2458 / 28.01.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.കെ.പി.മിഥുൻ ,ഹോമിയോ മെഡിക്കൽ ഓഫീസർ. |

170000 രൂപ കൈമാറിയെങ്കിലും ഇൻവോയ്സ് നമ്പർ എൽ - എഫ് 228 / 19.06.2017 പ്രകാരമുള്ള 59760 രൂപയുടെ മരുന്നുകൾ മാത്രമേ ഡിസ്പെൻസറിക്ക് ലഭിച്ചിട്ടുള്ളൂ. ബാക്കി മരുന്നുകൾ കൂടി ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 3-8 കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

എ). ഐ.എ.വൈ ( പട്ടിക ജാതി ) പഞ്ചായത്ത് വിഹിതം നല്കൽ -കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.117 / 17 |
| പ്രോജക്ടിന്റെ പേര് | ഐ.എ.വൈ ഭവനം -<br>( പട്ടികജാതി ) പഞ്ചായത്ത്<br>വിഹിതം ബ്ലോക്കിന് നല്കൽ |
| വകയിരുത്തിയ തുക | 120400 രൂപ |
| ചെലവഴിച്ച തുക | 120400 രൂപ |
| ഫണ്ട് | എസ്.സി.പി |
| വകയിരുത്തിയ തുക | 4600 രൂപ |
| ചെലവഴിച്ച തുക | 4600 രൂപ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 3/16-17 , 13.2.2017 , 120400 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി ,തുക | 4/16-17 , 13.02.2017 , 4600 രൂ |

| | |
|---|---|
| | |
| തുക കൈപ്പറ്റിയ ഏജൻസി | തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി അനിഷ .വി, അസിസ്റ്റന്റ് സെക്രട്ടറി |

കൈമാറിയ തുകക്കുള്ള കൈപ്പറ്റ് രശീത് , ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. 125000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

എ.) ഐ.കെ.എം പ്രവർത്തന ഫണ്ട് നല്കൽ - കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

2016 -17 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി താഴെപ്പറയുന്ന പ്രോജക്റ്റ് പ്രകാരം ഐ.കെ.എമ്മിലേക്ക് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 19 / 17 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം പ്രവർത്തന ഫണ്ട് നല്കൽ |
| വകയിരുത്തിയ തുക | 35253 രൂ |
| ചെലവഴിച്ച തുക | 35253 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 07/ 16-17 , 23.09.2016 , 35253 രൂ |
| തുക കൈമാറിയ ഡി.ഡി നമ്പർ | 020461 / 27.09.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.വി.പി.ബാലഗോപാലൻ , സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത്. |

കൈമാറിയ തുകയുടെ കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.
35253 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ബി).എസ്.എസ്.എ വിഹിതം കൈമാറിയത് - കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.

എടച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2016 -17 വർഷത്തിൽ എസ്.എസ്.എ ക്ക് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.006 / 17 |
| പ്രോജക്റ്റിന്റെ പേര് | എസ്.എസ്.എ വിഹിതം നല്കൽ |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 08 / 2016-17 , 23.09.2016 , 2 ലക്ഷം രൂ |

| | |
|---|---|
| തുക കൈമാറിയ ഡി.ഡി നമ്പർ | 020460 / 27.09.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , എടച്ചേരി ഗ്രാമപഞ്ചായത്ത്. |

കൈമാറിയ തുകക്ക് എസ്.എസ്.എ യിൽ നിന്നും കൈപ്പറ്റ് രശീത് , വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിൽ, കൈമാറിയ തുക പഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചു എന്നത് വ്യക്തമാക്കേണ്ടതാണ്. അതുവരെയും 2 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

<u>സി).സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറിയത് - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല</u>

2016 -17 വർഷത്തിൽ "സാമൂഹ്യ സുരക്ഷ മിഷന്റെ പ്രവർത്തന ഫണ്ടിന് പഞ്ചായത്തിന്റെ സംഭാവന നല്കൽ "പ്രോജക്ട് പ്രകാരം കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 116 /17 |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 15/16-17 , 23.02.2017 , 5 ലക്ഷം രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ബാലഗോപാലൻ.വി.പി ,സെക്രട്ടറി, എടച്ചേരി ഗ്രാമപഞ്ചായത്ത് |

അപാകത പരിഹരിക്കേണ്ടതാണ്. അതുവരെയും 5 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

<u>ഡി. കന്നുകുട്ടി പരിപാലന പദ്ധതി - കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചില്ല.</u>

വെറ്ററിനറി സർജൻ 2016 -17 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.076 / 17 |
| പ്രോജക്ടിന്റെ പേര് | Calf Feed Subsidy Scheme |
| വകയിരുത്തിയ തുക | 16 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 8 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | AH 02 / 2016-17 , തിയ്യതി 28.03.2017 ,<br>8 ലക്ഷം രൂപ |
| തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ , Calf Feed Subsidy Scheme , കോഴിക്കോട്. |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.കെ.സി.രാജേഷ് , വെറ്ററിനറി സർജൻ |

തുക സബ് ട്രഷറി എസ്.ബി. അക്കൗണ്ട് നമ്പർ 716011400000033 ലേക്കാണ് കൈമാറിയിട്ടുള്ളത്. എന്നാൽ കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല.

അപാകത വിശദീകരിക്കേണ്ടതാണ്. 8 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

<u>ഇ.) പി.എം.എ.വൈ വിഹിതം കൈമാറിയത് - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല</u>

2016 -17 വർഷത്തിൽ പഞ്ചായത്തിൽ നിന്നും പി.എം.എ.വൈ പദ്ധതിക്കു വേണ്ടി കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.069 / 16-17 |
| പ്രോജക്ടിന്റെ പേര് | PMAY - ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ |
| വകയിരുത്തിയ തുക | 40000 രൂ |
| ചെലവഴിച്ച തുക | 40000 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 5/2016-17 , 28.03.2017 , 40000 രൂ |
| തുക കൈപ്പറ്റിയ ഏജൻസി | തൂണേരി ബ്ലോക്ക് പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ജോണി ആർ , വി.ഇ.ഓ |

അപാകത ശ്രദ്ധയിൽ പെടുത്തുന്നു. 40000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 <u>ക്ഷീരഗ്രാമം - വനിതകൾക്ക് കറവ പശുക്കളെ നല്കൽ പദ്ധതി - നടപ്പാക്കിയതിലെ അപാകത</u>

2016 -17 വർഷത്തിൽ വെറ്ററിനറി സർജൻ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.072 / 17 |
| പ്രോജക്ട് | ക്ഷീരഗ്രാമം - വനിതകൾക്ക് കറവപശുക്കളെ നല്കൽ |
| വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക(1) | 290000 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക(2) | 145000 രൂ |

| | |
|---|---|
| ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | AH 05 / 2016-17 , 28.03.2017 , 290000 രൂ |
| ട്രഷറി ചെക്ക് നമ്പർ ( ജില്ല പഞ്ചായത്ത് വിഹിതം ) , തിയ്യതി , തുക | SB/XY/1565001 , 29.03.2017 , 145000 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.കെ.സി.രാജേഷ്, വെറ്ററിനറി സർജൻ |

29 ഗുണഭോക്താക്കൾക്കാണ് 15000 രൂവീതം ധനസഹായം ലഭിച്ചത്. 10000 രൂപ വികസനഫണ്ടിൽ നിന്നും 5000 രൂപ ജില്ല പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് നല്കിയത്. ഓരോ ഗുണഭോക്താക്കളും 25000 രൂപ വീതം ബാങ്ക് ലോൺ എടുത്ത ശേഷം മൊത്തം 40000 രൂപക്കാണ് ഓരോ പശുവിനെ വീതം വാങ്ങിയിട്ടുള്ളത്. സബിഡി തുക അതാത് ബാങ്കുകളുടെ ലോൺ അക്കൗണ്ടുകളിലേക്കാണ് അടവാക്കിയത്. 11.01.2016 ലെ സ.ഉ.(എം.എസ്)4/2016/തസ്വഭവ അനുബന്ധം 15 പട്ടിക 3.2 ക്ക് താഴെയുള്ള കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നല്കേണ്ടത്. പശുക്കളെ വിറ്റ ആളുകളിൽ നിന്നും 40000 രൂപ വീതമുള്ള തുകക്ക് കൈപ്പറ്റ് രശീതുകൾ ലഭിച്ചതായും കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്.435000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-10 സാന്ത്വന ചികിത്സ – പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

മെഡിക്കൽ ഓഫീസർ (അലോപ്പതി) 2016 -17വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സാന്ത്വനം പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.035 /17 |
| വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക | 399990 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ഭരണാനുമതി | 93/2016 തിയ്യതി 1.08.2016 , 4 ലക്ഷം രൂ |
| അംഗീകാരം നല്കിയത് | ഡോ.എ.രാധിക , മെഡിക്കൽ ഓഫീസർ 29.08.2016 ലെ C2/285/15 ഉത്തരവ് പ്രകാരം |
| ട്രഷറി ബിൽ നമ്പറുകൾ , തിയ്യതി , തുക | 1/16-17 , 29.9.16 , 100820 രൂ<br>2/16-17 , 12.7.17 , 66800 രൂ<br>3/16-17 , 27.3.17 , 45200 രൂ<br>4/16-17 , 27.3.17 , 187170 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.ഷിൻജു അപാല, മെഡിക്കൽ ഓഫീസർ(അലോപ്പതി) |

മേൽ പരാമർശിച്ചതിൽ 4 ാമത്തെ ട്രഷറി ബില്ലിൽ നിന്നും വൗച്ചർ നമ്പർ പി.എൽ. 159 / 16-17 തിയ്യതി 16.3.17 വൗച്ചർ പ്രകാരം 112000 രൂപ,മരുന്നുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രൊഫോർമ ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 3638 / 16.3.17 പ്രകാരമുള്ള മരുന്നുകളൊന്നും ലഭിച്ചിട്ടില്ല.

29.10.2015 ലെ ജി.ഒ.(ആർ.ടി)3217/2015/തസ്വഭവ നമ്പർ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേരുവിവരം

തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അല്ലാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടി തുക ചെലവഴിക്കുവാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. വെബ്സൈറ്റിൽ പേരുവിവരങ്ങൾ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. 399990 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.016 / 17 |
| പ്രോജക്ടിന്റെ പേര് | എസ്.സി പ്രൊഫഷനൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| വകയിരുത്തിയ തുക | 2 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 113400 രൂപ |
| ഫണ്ട് | എസ്.സി.പി |
| ഭരണാനുമതി | 93/2016 തിയ്യതി 01.08.2016 |
| ലാപ് ടോപ് വിതരണം ചെയ്ത ഏജൻസി | DIGI Business Lines , മാവൂർ റോഡ് , കോഴിക്കോട് |
| ഇൻവോയ്സ് നമ്പർ , തുക | 2300 / 23.03.2017 , 113400 രൂപ (5% VAT (അടക്കം ) |
| വിതരണം ചെയ്ത ലാപ് ടോപ്പുകളുടെ എണ്ണം | 4 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി.അനുഷ വി , അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം കുമാരി അർപിത .എം.സി ,പുത്തൻപുരയിൽ , കൊട്ടേമ്പ്രം, എടച്ചേരി , എന്ന ഒരു പ്രൊഫഷനൽ ഡിഗ്രി വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നല്കിയിട്ടുണ്ട്. കാവേരി കോളേജ് ഓഫ് നേഴ്സിങ് , സിദ്ധാർത്ഥ് നഗർ , മൈസൂർ എന്ന സ്വകാര്യ സ്ഥാപനത്തിലാണ് ഈ വിദ്യാർത്ഥി Bsc നഴ്സിങ് കോഴ്സിന് പഠിക്കുന്നത്. ഈ കോഴ്സ് , സംസ്ഥാനത്തെ നഴ്സിങ് ഡിഗ്രി കോഴ്സിന് തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഫയലിനോടൊപ്പമുള്ള ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ F . No 18-15 / 2351 – INC ( തിയ്യതി വ്യക്തമല്ല ) നമ്പർ കത്ത് പ്രകാരം സ്ഥാപനത്തിന് 2014 – 15 വർഷത്തേക്ക് Bsc നഴ്സിങ് കോഴ്സ് നടത്തുവാൻ മാത്രമേ അനുമതിയുള്ളൂ.

അപാകത വിശദീകരിക്കേണ്ടതാണ്. 28350 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-12 തെരുവ് വിളക്കുകളുടെ AMC : കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല

2016 -17 വർഷത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 9/17 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് - AMC |
| വകയിരുത്തിയ തുക | 451047 രൂ (ധനകാര്യ കമ്മീഷൻ അവാർഡ്),<br>953 രൂ (തനത് ഫണ്ട് ) |

| | |
|---|---|
| ചെലവഴിച്ച തുക | 274120 രൂ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 14/2016-17 , 26/12/17 , 274120 രൂ |
| ഭരണാനുമതി | 93/2016 തിയ്യതി 01.08.2016 |
| അംഗീകാരം നല്കിയത് | ശ്രീ,കെ,മുരളീധരൻ , DDP. 29.08.2016 ലെ pau3/12/16-17/edy തിയ്യതി 29.08.16 |
| കരാർ അടങ്കൽ | 452000 രൂ |
| കരാറുകാരൻ | സി.പി.ബിജു , Star Electrical, ചെറുവോട്ട് , പാറക്കൽ ,കല്പത്തൂർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.വി.പി,ബാലഗോപാലൻ, സെക്രട്ടറി,എടച്ചേരി ഗ്രാമപഞ്ചായത്ത്. |

21.10.2016 ലെ കരാർ പ്രകാരം (കരാർ നമ്പർ ഇല്ല ) കരാർതിയ്യതി മുതൽ ഒരു വർഷത്തേക്ക് ഒരു യൂണിറ്റിന് 550 രൂപ നിരക്കിൽ ISI ഗുണനിലവാരമുള്ള സാധനസാമഗ്രികൾ ഉപയോഗിച്ച് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ കരാറുകാരൻ നടത്തേണ്ടതാണ്. കരാർ തിയ്യതിയിൽ നിലവിൽ കേടായിട്ടുള്ള എല്ലാ തെരുവ് വിളക്കുകളും കരാർ തിയ്യതി മുതൽ 30 ദിവസത്തിനകം കരാറുകാരൻ കേടുപാടുകൾ തീർത്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളും , മോണിറ്ററിങ് സമിതി റിപ്പോർട്ടും ലഭ്യമാക്കുന്ന മുറക്ക് മേൽ പ്രവൃത്തിക്ക് കരാർ പ്രകാരം നല്കേണ്ട തുകയുടെ 80% പഞ്ചായത്ത് കരാറുകാരന് കൈമാറുന്നതാണ്. കരാർ കാലാവധി അവസാനിക്കുന്ന മുറക്ക് ചെയ്ത പ്രവൃത്തിയുടെ മുഴുവൻ തുകയും പഞ്ചായത്ത് കൈമാറുന്നതാണ്. തുടർന്ന് കേടുവരുന്നവ പഞ്ചായത്ത് കരാറുകാരനെ അറിയിച്ച് 14 ദിവസത്തിനകം അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കേണ്ടതാണ്. വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം കരാറുകാരൻ വ്യക്തിപരമായി ഉത്തരവാദിയാകുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇതു പ്രകാരം 623 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ കരാരുകാരൻ നടത്തുകയും ( ഇൻവോയ്സ് നമ്പർ 002 / 14/12/2016 , തുക 342650 രൂ ) 80 % തുകയായ 274120 രൂപ ചെക്ക് നമ്പർ 022237 / 30.12.16 പ്രകാരം പഞ്ചായത്ത് കൈമാറുകയും ചെയ്തു. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1.ഏതൊക്കെ ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയത് എന്ന് വ്യക്തമല്ല. 2 ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൽ മാത്രമേ ഭാഗികമായെങ്കിലും പോസ്റ്റുകളുടെ നമ്പറുകൾ പരാമർശിച്ചിട്ടുള്ളൂ.

2. അറ്റകുറ്റപ്പണി നടത്തുന്നതിന് കെ.എസ്.ഇ,ബി അധികൃതരുടെ മേൽനോട്ടം ഉണ്ടായിട്ടുണ്ടോ എന്നത് വ്യക്തമല്ല.

3. പഞ്ചായത്തിൽ നിന്നും കരാറുകാരന് അയച്ച 5.6.2017 ലെ എ1 / എസ്.ഒ.009/17 നമ്പർ കത്തു പ്രകാരം, ടിയാൻ അറ്റകുറ്റപ്പണി നടത്തിയവയിൽ 250 ബൾബുകൾ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്.

നോട്ടീസ് കൈപ്പറ്റി 5 ദിവസത്തിനകം രേഖാമൂലം പഞ്ചായത്ത് ഓഫീസിൽ മറുപടി അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ യാതൊരു നടപടിയും കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തുടർന്നുള്ള കാലയളവിലെ അറ്റകുറ്റപ്പണികളും ടിയാൻ നടത്തിയിട്ടില്ല. കരാർ നിവർത്തിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നഷ്ടോത്തരവാദിത്തം ചുമത്തി കരാർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ 137500 രൂപ (250x550/-) കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 8 / 17 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ |

| | |
|---|---|
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 80000 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 30/16-17 , 29.03.2017 , 80000 രൂ |
| തുക കൈപ്പറ്റിയ ഏജൻസി | Allumina lighting Solutions , വലന്തോട് , കക്കാടം പൊയിൽ , മലപ്പുറം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ബാലഗോപാലൻ.വി.പി , സെക്രട്ടറി , എടച്ചേരി ഗ്രാമപഞ്ചായത്ത്. |

2000 രൂപ നിരക്കിൽ 40 CFL വിളക്കുകളാണ് വാങ്ങിയത്. ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. ഇവ ഏതൊക്കെ നമ്പർ ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നത് വ്യക്തമല്ല. പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. ഏജൻസിയുടെ കാഷ് ബിൽ പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ചുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. ടി.എസ്/ സ്ട്രീറ്റ് ലൈറ്റ് / 2016-17 / 177/ 15.03.2017 നമ്പർ കത്ത് പ്രകാരം വിളക്കുകൾ സ്ഥാപിക്കുമ്പോൾ മേൽനോട്ടം വഹിക്കുന്നതിന് എടച്ചേരി കെ.എസ്.ഇ.ബി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സന്നദ്ധത അറിയിച്ചിട്ടുള്ളതാണ്.എന്നാൽ ഏതൊക്കെ നമ്പർ ഇലക്ട്രിക്ക് പോസ്റ്റുകളിൽവിളക്കുകൾ സ്ഥാപിച്ചു എന്നത് വ്യക്തമാകുന്ന തരത്തിൽ മേൽനോട്ട സാക്ഷ്യപത്രം കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 80000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി വിതരണം - പദ്ധതി നടപ്പാക്കിയതിലെ അപാകത

വെറ്ററിനറി സർജൻ 2016 -17 വർഷത്തിൽ എടച്ചേരി പഞ്ചായത്തിൽ നടപ്പാക്കിയ പാലിന് സബ്സിഡി വിതരണം പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.070 / 17 |
| പ്രോജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| വകയിരുത്തിയ തുക (വികസന ഫണ്ട് ) | 731880 രൂപ |
| ചെലവഴിച്ച തുക (1) | 731880 രൂപ |
| വകയിരുത്തിയ തുക ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | 330000 രൂപ |
| ചെലവഴിച്ച തുക(2) | 330000 രൂപ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | AH / 04 / 2016-17 28.03.2017 : 71880 രൂ<br>AH / 01 / 2016-17 21.03.2017 : 660000 രൂ<br>ആകെ : 731880 രൂപ |

| | |
|---|---|
| | |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ലഭിച്ചതിന്റെ വിശദാംശം | ട്രഷറി ചെക്ക് നമ്പർ SB/XY 0748385 / 27.03.2017 : 330000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.കെ.സി.രാജേഷ് , വെറ്ററിനറി സർജൻ |

മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം ചെലവഴിച്ച 1061880 രൂപയും അതാത് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് കൈമാറിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | കൈപ്പറ്റിയ തുക (രൂ) | ഫണ്ട് |
|---|---|---|---|
| 1. | എടച്ചേരി | 38907 | വികസന ഫണ്ട് |
| 2. | ഇരിങ്ങണ്ണൂർ | 134997 | |
| 3. | കച്ചേരി | 214158 | |
| 4. | കായപ്പനച്ചി | 158908 | |
| 5. | എടച്ചേരി നോർത്ത് | 113030 | |
| ആകെ | | 660000 | |
| 6. | കച്ചേരി | 71880 | |
| 7. | എടച്ചേരി | 85239 | ബ്ലോക്ക് വിഹിതം |
| 8. | ഇരിങ്ങണ്ണൂർ | 35350 | |
| 9. | കച്ചേരി | 105848 | |
| 10 | കായപ്പനച്ചി | 27715 | |
| 11. | എടച്ചേരി നോർത്ത് | 75848 | |
| | ആകെ | 330000 | |

11.01.2016 ലെ സ.ഉ.(എം.എസ്)4/2016/തസ്വഭവ അനുബന്ധം 15 പട്ടിക 3.2 ക്രമനമ്പർ 8 പ്രകാരം സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് കൈമാറേണ്ടത്. മേൽ തുകകൾ അതാത് കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഇരിങ്ങണ്ണൂർ , കായപ്പനച്ചി എന്നീ സംഘങ്ങളിലെ കർഷകർ 4/2016മുതൽ 12/2016 വരെയുള്ള കാലയളവിൽ സംഘത്തിൽ അളന്ന പാലിന്റെ പ്രതിദിന സ്റ്റേറ്റ്മെന്റ് മാത്രമേ പരിശോധനക്ക് ലഭിച്ചിട്ടുള്ളൂ. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 1061880 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-15** <u>റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്</u>

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 95/17,87/17,84/17,100/17എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ച് കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊജക്ട് നമ്പർ 26,27 എന്നിവയുടെ കാര്യത്തിൽ ഇപ്രകാരം ചെലവ് വന്നിട്ടുണ്ട്.റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നത് മൂലമാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-16 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 70.41 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണ ത്തിനായി ആകെ വിനിയോഗിച്ച തുക | കേന്ദ്ര വിഹിതമായി ലഭിച്ച തുക | കേന്ദ്ര വിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | ബ്ലോക്ക് വിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 1637730 | 262245 | 389117 | 982167 | 266446 | 59.97 |
| 2013-14 | 1727796 | 425997 | 477796 | 1250000 | 0 | 72.34 |
| 2014-15 | 1474374 | 165147 | 0 | 1474374 | 0 | 100 |
| 2015-16 | 1971737 | 246413 | 590881 | 1380856 | 0 | 70.03 |
| 2016-17 | 2152116 | 874451 | 928116 | 1224000 | 0 | 56.87 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 8963753 | 1974253 | 2385910 | 6311397 | 266446 | 70.41 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 22% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 44.89 ലക്ഷം രൂപ പരമാവധി പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,63.11 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു.മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 18.22 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു.

. പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയ്യതി | ലഭിച്ച തുക | പ്രോജക്റ്റിന്റെപേര് | ചെലവ് | ബാലൻസ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 330000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 330000 | 0 | പൂർത്തീകരിച്ച |
| ജില്ലാ പഞ്ചായത്ത് | 25.03.2016 | 200000 | ക്ഷീരഗ്രാമം | 145000 | 55000 | തുടരുന്നു |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്നസ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| നാദാപുരം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന് നൽകിയ വിഹിതം | 10000 |
| ആകെ | 10000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/തി. |
|---|---|---|---|---|
| 2015-16 | 2-2 | 16483 | നാരായണി കേളോത്ത് (കെട്ടിട ഉടമ) | 11603104420/07.02.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 24 | 2003-04 | 7 | സമഗ്ര പുരയിടകൃഷി | നിയമ സഭാ സമിതി പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40408597 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40255406 |
| വരവിനങ്ങളിലുള്ള നഷ്ടം | 14991 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 173500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3903871 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 14991 | | ബാലഗോപാലൻ.വി.പി<br>സെക്രട്ടറി |
| 3-2 | | 27000 | സുനിത.പി.കെ |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനിയർ |
| 3-3 | | 9000 | സുനിത.പികെ<br>അസി.എഞ്ചിനിയർ |
| 3-12 | | 137500 | ബാലഗോപാലൻ.വി.പി<br>സെക്രട്ടറി |
| ആകെ | | 173500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 198128 | ശ്രീമതി.സജീമ.സി, ചാത്തോത്ത്, കൃഷിഓഫീസർ |
| 3-8(എ)<br>(ബി)<br>(സി)<br>(ഡി)<br>(ഇ)<br>(എഫ്) | 125000<br>35253<br>200000<br>500000<br>40000<br>800000 | ശ്രീമതി.അനീഷ.പി.,അസി.സെക്രട്ടറി<br>ശ്രീ.പി.പി.ബാലഗോപാലൻ, സെക്രട്ടറി<br>ശ്രീ.പി.പി.ബാലഗോപാലൻ, സെക്രട്ടറി<br>ശ്രീ.പി.പി.ബാലഗോപാലൻ, സെക്രട്ടറി<br>ശ്രീ.ജോണി.ആർ, വി.ഇ.ഒ<br>ഡോ.കെ.സി.രാജേഷ്, വെറ്ററിനറി സർജൻ |
| 3-9 | 435000 | ഡോ.കെ.സി.രാജേഷ്, വെറ്റിനറി സർജൻ |
| 3-10 | 399990 | ഡോ.ഷിൻജു അപാല, മെഡി.ഓഫീസർ (പിഎച്ച്.സി) |
| 3-11 | 28350 | ശ്രീമതി.അനുഷ.സി, അസി.സെക്രട്ടറി |
| 3-13 | 80000 | ശ്രീ.പി.പി.ബാലഗോപാലൻ, സെക്രട്ടറി |
| 3-15 | 1061880 | ഡോ.കെ.സി.രാജേഷ്, വെറ്റിനറി സർജൻ |
| ആകെ | 3903601 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിത.പി.കെ. (അസി.എഞ്ചിനിയർ) | അസി.എഞ്ചിനിയർ<br>എടച്ചേരി ഗ്രാമപഞ്ചായത്ത് | അനന്തപുരി<br>കച്ചേരി (പി.ഒ)<br>കോട്ടേമ്പ്രം (വഴി)<br>673502.(പിൻ) |
| ബാലഗോപാലൻ.വി.പി. | സെക്രട്ടറി,എടച്ചേരി ഗ്രാമ പഞ്ചായത്ത് | അമൽ<br>നട്ട്സ്ട്രീറ്റ്<br>വടകര<br>673104 (പിൻ) |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ.എഫ് . കെ.കെ,ഡി.പി9/2118/14 തീയ്യതി 15-12-14 | 1 |
| 2000-01 | എൽ.എഫ് .കെ.കെ,ഡി.പി5/38/2012തീയ്യതി 29-2-12 | 2 |
| 2001-02 | എൽ.എഫ് .കെ.കെ,ഡി.പി5/38/2012തീയ്യതി 29-2-12 | 4 |
| 2001-02 (പ്ളാൻ) | എൽ.എഫ് .കെ.കെ,ഡി.പി5/38/2012തീയ്യതി 29-2-12 | ൨ |
| 2002-03 (ചെലവ്) | എൽ.എഫ് .കെ.കെ,ഡി.പി8/318/2012തീയ്യതി 23-2-07 | 10 |
| 2002-03 (DCB) | എൽ.എഫ് .കെ.കെ,ഡി.എസ്1/848തീയ്യതി 31-10-07 | 10 |
| 2003-04 | എൽ.എഫ് .പി5/310/08തീയ്യതി 6-9-09 | 11 |
| 2004-05 | എൽ.എഫ് .കെ.കെ,ഡി.പി5/777/14തീയ്യതി 15-9-09 | 11 |
| 2005-06 | എൽ.എഫ്.പി5/804/09തീയ്യതി 15-9-09 | 10 |
| 2006-07 | എൽ.എഫ്.പി5/1055/09തീയ്യതി 15-9-09 | 14 |
| 2007-08 | എൽ.എഫ് .കെ.കെ,ഡി.പി5/585/11തീയ്യതി 3-11-11 | 17 |
| 2008-09 | എൽ.എഫ് .കെ.കെ,ഡി.എസ്4/267/11തീയ്യതി 1-12-11 | 17 |

| | | |
|---|---|---|
| 2009-10 | എൽ.എഫ് .കെ.കെ,ഡി.പി11/69/13തീയ്യതി | 17 |
| 2010-11, 2011-12 | എൽ.എഫ് .കെ.കെ,ഡി.പി11/1388/13തീയ്യതി 15-9-09 | 22 |
| 2012-13, 2013-14 | എൽ.എഫ് .കെ.കെ,ഡി.പി9/595/15(1)തീയ്യതി 6-5-15 | 17 |
| 2014-15 | കെ എസ് എ കെ കെ ഡി /പി 9/993/2016 തീയതി 08.06.2016 | 13 |
| 2015-16 | കെ എസ് എ കെ കെ ഡി /പി 9/115/2017 തീയതി 30.01.2017 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.9/1692/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 20.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P9/1692/2017

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated -20.09.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of EDACHERYgrama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of EDACHERYgrama Panchayat for the year 2016-17except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.